# ഈ കാമ്പയിനിലെ ചോദ്യങ്ങൾ

---

## 1) 'വദ്ഉ ഇലാ റബ്ബിക'- وَادْعُ إِلَىٰ رَبِّكَ -എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

- a. അവർ അതു അനുഷ്ഠിച്ചുവരുന്നവരാണ്
- b. കാര്യത്തിൽ അവർ നിന്നോട് വഴക്കടിക്കാതിരുന്നുകൊള്ളട്ടെ
- c. നിന്റെ രക്ഷിതാവിങ്കലേക്ക് നീ ക്ഷണിച്ചുകൊള്ളുക
- d. നീ ചൊവ്വായ സന്മാർഗ്ഗത്തിൽ തന്നെയാകുന്നു

## 2) യഹൂദ-ക്രൈസ്തവർക്ക് പറ്റിയ വിനയെന്താണെന്നാണ് നാം മനസിലാക്കേണ്ടത് ?

- a. അവരുടെ പ്രവാചകർക്ക് ഇറങ്ങിയതിനെ കടത്തിക്കൂട്ടലുകളും കാലക്രമത്തിലുണ്ടായ അനാചാരദുരചാരങ്ങളും സഹിതം മുറുകെ പിടിച്ചു
- b. മുഹമ്മദ് നബി(സ)ക്ക് ഇറങ്ങിയ അനുഷ്ഠാനകർമ്മങ്ങളെ സ്വീകരിക്കാൻ കൂട്ടാക്കിയില്ല
- c. അവരെല്ലാം നബി(സ)ക്ക് ഇറങ്ങിയ അനുഷ്ഠാനകർമ്മങ്ങളെ സ്വീകരിക്കാൻ മുന്നോട്ട് വന്നു
- d. A യും B യും ശരിയാണ്

## 3) 'അല്ലാഹു ഏറ്റവും നല്ലവണ്ണം അറിയുന്നവനാണ്' എന്നർത്ഥം വരുന്ന 'اَللَّهُ أَعْلَمُ' എന്ന് പാഠഭാഗത്ത് ഉപയോഗിച്ചത് എന്തിന് ?

- a. പ്രവാചകൻ വല്ലതും പറയുന്നതിൽ സൂക്ഷ്മതക്കുറവ് തോന്നിയാൽ ഉടൻ പറയാൻ
- b. നബി(സ)ക്ക് പറയുന്നതിൽ കൃത്യമായ ബോധ്യവും ദൃഢതയും ഇല്ലെങ്കിൽ പറയാൻ
- c. പ്രവാചകന് നേരെ വരുന്ന സംശയങ്ങൾക്ക് മറുപടി ഇല്ലെങ്കിൽ പറയാൻ

- d. നബി(സ)യോട് തർക്കിക്കുന്നവരോട്, അവർ പ്രവർത്തിക്കുന്നതിനെ പറ്റി അല്ലാഹു അറിയുന്നവനാണ് എന്ന് ബോധ്യപ്പെടുത്താൻ

**4) അധികൃത രേഖ എന്ന അർത്ഥം ലഭിക്കാൻ പ്രയോഗിച്ച പദം ?**

- a. സുൽത്വാൻ ( سلطان )
- b. ഇൽമ് ( علم )
- c. ഖദ്ർ ( قدر )
- d. അദ്ദീൻ ( الدين )

**5) "ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹു അറിയുന്നുവെന്ന് നിനക്കറിയില്ലേ, നിശ്ചയമായും, അതു മുഴുവനും ....................ൽ ഉണ്ട്; നിശ്ചയമായും, അതു അല്ലാഹുവിന് നിസ്സാരമത്രെ"**

- a. ഏടുകളിൽ
- b. മുൻ വേദഗ്രന്ഥങ്ങളിൽ
- c. ഖുർആനിൽ
- d. ഒരു ഗ്രന്ഥത്തിൽ

**6) അഹംഭാവം, ക്ഷോഭം, കോപം, വിദ്വേഷം മുതലായവ നിത്യ സ്വഭാവങ്ങളാക്കിയവർ ആരാണ് ?**

- a. പുതുവിശ്വാസികൾ
- b. വിശ്വാസം ഉറച്ചിട്ടില്ലാത്തവർ
- c. തെളിവുകളെ വന്നുകിട്ടാത്തവർ
- d. സുവ്യക്തമായ തെളിവ് കിട്ടിയിട്ടും വിശ്വസിക്കാത്തവർ

**7) അവിശ്വാസികളുടെ മുഖത്ത് ............. നിനക്ക് മനസിലാകുന്നതാണ് ; നമ്മുടെ ലക്ഷ്യങ്ങൾ അവർക്ക് ഓതികേൾപ്പിക്കുന്നവരോട് അവർ .............. നടത്തുമാറായേക്കും**

- a. പ്രതിഷേധം - മുടക്കം

- b. അനിഷ്ടം - കൈയ്യേറ്റം
- c. അക്രമം - അഹംഭാവം
- d. വെറുപ്പ് - തന്നിഷ്ടം

**8) അല്ലാഹുവിന്റെ ലക്ഷ്യങ്ങൾ വിവരിച്ചു തരുന്നവരോട് അവിശ്വാസികൾക്ക് ഉണ്ടാകുന്ന വിദ്വേഷത്തേക്കാളും വെറുപ്പിനേക്കാളും അവർ വിദ്വേഷവും വെറുപ്പും പ്രകടിപ്പിക്കേണ്ടത് യഥാർത്ഥത്തിൽ എന്തിനോടാണ് ?**

- a. പിശാചിനോട്
- b. മരണത്തോട്
- c. നരകത്തോട്
- d. എല്ലാം ശരിയാണ്

**9) ഈച്ചയെ ഉപമയായി നൽകി കൊണ്ട് അല്ലാഹു മനുഷ്യരെ ഉൽബോധിപ്പിക്കുന്നത് എന്ത് ?**

- a. അല്ലാഹുവല്ലാത്ത ആരാധ്യന്മാർക്ക് ഏറ്റവും നിസ്സാരമായ ഈച്ചയെപ്പോലും സൃഷ്ടിക്കുവാൻ കഴിയുകയില്ല
- b. ഈച്ച വല്ലതും തട്ടിയെടുത്തു കൊണ്ടുപോയാൽ അതു മടക്കി വാങ്ങുവാൻപോലും ആ ആരാധ്യർക്കു സാധ്യമല്ല
- c. അല്ലാഹു അല്ലാത്ത ആരാധ്യരും അവരോട് പ്രാർത്ഥിക്കുന്നവരും ദുർബ്ബലൻമാരാണ്
- d. എല്ലാം ശരിയാണ്

**10) അല്ലാഹുവിന്റെ സന്ദേശങ്ങൾ പ്രവാചകൻമാർക്ക് എത്തിച്ചുകൊടുക്കുവാൻ ........................ നിന്ന് അല്ലാഹു ദൂതൻമാരെ നിശ്ചയിക്കുന്നു.**

- a. മനുഷ്യരിലും മലക്കുകളിലും
- b. മലക്കുകളിൽ
- c. മനുഷ്യരിൽ

**11) നിർബന്ധ നമസ്‌ക്കാരമെന്നോ ഐച്ഛിക നമസ്‌ക്കാരമെന്നോ വ്യത്യാസമില്ലാതെ മൊത്തത്തിൽ നമസ്‌ക്കാരം നിർവഹിക്കുവാൻ നമസ്‌ക്കാരത്തിന്റെ ചില പ്രധാന ഭാഗങ്ങൾ ഉദ്ദരിച്ചുകൊണ്ട് ഖുർആൻ ഓർമ്മപ്പെടുത്താറുണ്ട് . അവയിൽ ഉൾപെടാത്തത് ഏത് ?**

- a. തക്‌ബീർ تكبير
- b. ഖിയാം قيام
- c. റുകൂഅ ركوع
- d. സുജൂദ് سجود

**12) ദിക്ർ, ദുആ, തസ്ബീഹ്, ബലി, ഖുർആൻ പാരായണം, പാപമോചനം എന്നിവ ഉദ്ദേശിച്ചു വന്ന പദമാണ് ............**

- a. ഇഖാമത്ത് إقامة
- b. മില്ലത്ത് ملة
- c. ദീൻ دين
- d. ഇബാദത്ത് عبادة

**13) ആത്യന്തിക വിജയം കൈവരിക്കാൻ ഒരു മുസ്ലിം പ്രധാനമായും സ്വീകരിക്കേണ്ട മൂന്ന് കാര്യങ്ങൾ ഒരു ആയത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഏതെല്ലാമാണ് ഈ മൂന്ന് കാര്യങ്ങൾ ?**

- a. ഇബാദത്ത് - നമസ്ക്കാരം - ഖുർആൻ പാരായണം
- b. നമസ്ക്കാരം - സകാത് - സത്യസാക്ഷ്യം
- c. നമസ്ക്കാരം - ഇബാദത്ത് - നന്മ പ്രവർത്തിക്കുക
- d. നമസ്ക്കാരം - അനുസരണം - സമരം ചെയ്യുക

**14) താഴെ നൽകിയതിൽ വലിയ സമരം എന്ന് നബി(സ) പഠിപ്പിച്ചത് എന്താണ് ?**

- a. ഇസ്ലാമിന്റെ ശത്രുക്കളോടുള്ള സമരം

- b. ഒരു അടിയൻ തന്റെ തന്നിഷ്ടത്തോട് നടത്തുന്ന സമരം
- c. പിശാചിനോടുള്ള സമരം
- d. ധനം കൊണ്ടുള്ള സമരം

**15) മുൻ വേദങ്ങളിലും അവസാന വേദങ്ങളിലും അല്ലാഹുവിനെ അനുസരിക്കുന്നവർക്കായി അല്ലാഹു നൽകിയ പേരാണ് ......................**

- a. മുസ്ലിമീൻ مسلمين
- b. മുഅമിനീൻ مؤمنين
- c. മുജാഹിദീൻ مجاهدين
- d. മുസ്തഗ്ഫിരീൻ مستغفرين

---

ഇവിടെ ക്ലിക് ചെയ്താൽ നിങ്ങൾക്ക് പരീക്ഷ എഴുതാനുള്ള വെബ്സൈറ്റിൽ കയറി എക്സാം എഴുതാവുന്നതാണ്.

ക്ലാസുകൾ ശ്രവിക്കാൻ സന്ദർശിക്കുക

യൂട്യൂബ് ലിങ്ക്

ഫേസ്ബുക്ക് ലിങ്ക്

Ebook ലിങ്ക്